

14/02/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Suresh A R Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/02/2025

1. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പും സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും സംയുക്തമായി നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (2025 ഫെബ്രുവരി 14 വെള്ളിയാഴ്ച) രാവിലെ 10 മണിക്ക് വട്ടിയൂർക്കാവ് മണികണ്ഠേശ്വരത്ത് വച്ച് നടത്തപ്പെടുന്നു. ബഹു. വട്ടിയൂർക്കാവ് എം. എൽ. എ. അഡ്വ. വി. കെ. പ്രശാന്തിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ് കൂൺ ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു.

2. വിതുര ജഴ്സി ഫാമിൽ പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

3. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകള് വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിഷറീസ് ഓഫീസുകളിൽ എത്തി 2024-25 വർഷത്തെ അംശാദായം അടച്ച് അംഗത്വം പുതുക്കണം. കുടിശ്ശികയുള്ളവരും 2024-25 വർഷത്തെ ക്ഷേമനിധി വിഹിതം നാളിതുവരെ അടയ്ക്കാത്ത തൊഴിലാളികളും ഫെബ്രുവരി 28 നകം ഫിഷറീസ് ഓഫീസുകളിൽ അംശാദായം അടക്കണം. ക്ഷേമനിധി പാസ്ബുക്ക്, ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവ ഹാജരാക്കണം. മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി ലിസ്റ്റുകളിലെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ആധാർ നമ്പർ, റേഷൻ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശോധിച്ച് ഉറപ്പുവരുത്തണം. മാറ്റമുള്ള വിവരങ്ങൾ ഫിഷറീസ് ഓഫീസറെ അറിയിക്കണം.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'കൂൺ കൃഷി'** എന്ന വിഷയത്തിൽ 2025 ഫെബ്രുവരി 14 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താല്പര്യമുള്ളവർ 9400483754എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തില് ഫെബ്രുവരി 20, 21 തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1,100/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 18.02.2025 തീയതിയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773 എന്ന** ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

7. വിഎഫ്പിസികെയുടെ കാക്കനാട് ഓഫീസിൽ **കൂൺകൃഷി** പരിശീലനം സംഘടിപ്പിക്കുന്നു. വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് നാലുവരെയാണ് സമയം. കൂൺവിത്ത് ഉൾപ്പെടെയുള്ള ഉൽപ്പാദന സാമഗ്രികളടങ്ങിയ സൗജന്യ കിറ്റ് നൽകും. ഫോൺ: 85476 00298, www.vfpck.org

8. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 ഫെബ്രുവരി 17 മുതൽ 21 വരെ ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ റബ്ബർ കോമ്പൗണ്ടിംഗ് തത്വങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു;

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വാർത്തെടുത്തതും പുറത്തെടുത്തതും കലണ്ടർ ചെയ്തതുമായ സാധനങ്ങൾ; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേഷൻ ടെസ്റ്റുകൾ; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) സ്കീമുകൾ; ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ. വിശദവിവരങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക: 9446976726 അല്ലെങ്കിൽ Whatsapp 04812353201. ഇ-മെയിൽ: training@rubberboard.org.in.

9. **കമുക്**- കമുകിൻറെ വിളയെടുപ്പ് കാലം തുടരുകയാണ്. മഹാളി രോഗം തടയുന്നതിനായി 1% വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിൽ തളിക്കേണ്ടതാണ്. സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട് പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ ജലസേചനം നടത്തേണ്ടതാണ്.

**കുരുമുളക്** - കുരുമുളകിന് പുതയിടുക. ദ്രുതവാട്ടത്തെ ചെറുക്കുവാൻ 1% വീര്യമുള്ള ബോർഡോ മിശ്രിതം /കോപ്പർ ഓക്സിക്ലോറൈഡ് നാലു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ തടത്തിൽ ഒഴിച്ചു കൊടുക്കുക. തുടർന്ന് രണ്ടാഴ്ച കഴിഞ്ഞ് ട്രൈക്കോഡെർമ കൾച്ചർ വേപ്പിൻ പിണ്ണാക്കിൽ കുട്ടികലർത്തി തടത്തിൽ ചേർക്കാം. തടത്തിൽ പുതയിടുന്നത് ദ്രുതവാട്ടത്തിന്റെ കുമിളുകൾ മണ്ണിൽ നിന്ന് തണ്ടിൽ എത്തുന്നത് തടയും.

**വാഴ** - നാലുമാസം പ്രായമായ വാഴകൾക്ക് വാഴ ഒന്നിന് 100 ഗ്രാം യൂറിയ എന്ന തോതിൽ വളപ്രയോഗം നടത്തേണ്ടതാണ്. ഇലപ്പുള്ളി രോഗം തടയുന്നതിനുവേണ്ടി സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം എന്ന തോതിൽ തളിക്കേണ്ടതും രോഗം ആരംഭിച്ച വാഴകൾക്ക് 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കേണ്ടതുമാണ്. തോട്ടം വൃത്തിയായി സൂക്ഷിക്കുക. കർഷകർ പിണ്ടിപ്പുഴുവിനെതിരെ ജാഗ്രത പാലിക്കേണ്ടതാണ്.